KSCSTE JNTBGRI
കെ എസ് സി എസ് ടി ഇ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ
ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റൂട്ട്
KSCSTE Jawaharlal Nehru Tropical Botanic Garden and Research Institute
An Institution of Kerala State Council for Science, Technology&Environment;
National Centre of Excellence

KSCSTE JNTBGRI

ജെ.എൻ.ടി.ബി.ജി.ആർ.ഐ/907/A397/പി.സി.സി/2026 23-06-2026

## ഗവേഷണ പദ്ധതിയിൽ ഒഴിവ്

കേരള സംസ്ഥാന ശാസ്ത്ര, സാങ്കേതിക, പരിസ്ഥിതി കൗൺസിലിന് (KSCSTE) കീഴിലുള്ള ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI), പാലോട്, തിരുവനന്തപുരം നടപ്പിലാക്കുന്ന "Systematic Documentation of Traditional Knowledge (TK) Related to Plants Used for Food, AYUSH & Indigenous Medicine" എന്ന ഗവേഷണ പദ്ധതിയിലേക്ക് താഴെപ്പറയുന്ന താൽക്കാലിക ഒഴിവുകളിലേക്ക് വാക്-ഇൻ ഇന്റർവ്യൂ മുഖേന നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

1. **സീനിയർ പ്രോജക്ട് ഫെല്ലോ - ഒഴിവ് ഒന്ന്**

   ഫെല്ലോഷിപ്പ് പ്രതിമാസം: 37000/- രൂപ

   - അത്യാവശ്യ യോഗ്യതകൾ: അംഗീകൃത സർവകലാശാലയിൽ നിന്ന് ബോട്ടണി/പ്ലാന്റ് സയൻസ് വിഷയത്തിൽ 60% മാർക്കോടെ ബിരുദാനന്തര ബിരുദവും. പരമ്പരാഗത വിജ്ഞാനത്തിന്റെ (Traditional Knowledge) രേഖപ്പെടുത്തൽ, എത്നോബോട്ടണി (Ethnobotany), എത്നോമെഡിസിൻ (Ethnomedicine) എന്നീ മേഖലകളിൽ കുറഞ്ഞത് അഞ്ച് (5) വർഷത്തെ ഗവേഷണ/പ്രവൃത്തിപരിചയവും. പി.ജി.ഡി.സി.എ./ഡി.സി.എ. യോഗ്യതയും ഡാറ്റാ എൻട്രിയിലും കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളുടെ ഉപയോഗത്തിലും പ്രാവീണ്യവും ഉണ്ടായിരിക്കണം.
   - അഭിലഷണീയ യോഗ്യതകൾ: പരമ്പരാഗത വിജ്ഞാനത്തിന്റെ (Traditional Knowledge) ശാസ്ത്രീയ രേഖപ്പെടുത്തലുമായി ബന്ധപ്പെട്ട ഫീൽഡ് ഗവേഷണ പരിചയം, സസ്യവർഗ്ഗീകരണത്തിൽ (Plant Taxonomy) സ്പെഷ്യലൈസേഷൻ. ഡാറ്റ ഡിജിറ്റൈസേഷൻ, ഡാറ്റാബേസ് മാനേജ്മെന്റ് എന്നിവയിൽ പ്രവൃത്തിപരിചയം, ശാസ്ത്രീയ രേഖകൾ, ഔദ്യോഗിക കത്തിടപാടുകൾ, സാങ്കേതിക റിപ്പോർട്ടുകൾ, ഗവേഷണ ലേഖനങ്ങൾ എന്നിവ തയ്യാറാക്കുന്നതിൽ പ്രാവീണ്യം, പിയർ റിവ്യൂ ചെയ്ത (Peer-reviewed) ദേശീയ/അന്തർദേശീയ ശാസ്ത്രീയ ജേണലുകളിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവൃത്തിപരിചയം അഭിലഷണീയം.

2. **ജൂനിയർ പ്രോജക്ട് ഫെല്ലോ - ഒഴിവ് ഒന്ന്**

ഫെല്ലോഷിപ്പ് പ്രതിമാസം: 30000/- രൂപ

- <u>അത്യാവശ്യ യോഗ്യതകൾ:</u> അംഗീകൃത സർവകലാശാലയിൽ നിന്ന് ബോട്ടണി/പ്ലാന്റ് സയൻസ് വിഷയത്തിൽ കുറഞ്ഞത് 60% മാർക്കോടെ ബിരുദാനന്തര ബിരുദവും. പി.ജി.ഡി.സി.എ./ഡി.സി.എ. യോഗ്യതയും ഡാറ്റാ എൻട്രിയിലും കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളുടെ ഉപയോഗത്തിലും പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം.
- <u>അഭിലഷണീയ യോഗ്യതകൾ:</u> പരമ്പരാഗത വിജ്ഞാനത്തിന്റെ (Traditional Knowledge) രേഖപ്പെടുത്തൽ, എത്നോബോട്ടണി (Ethnobotany), എത്നോമെഡിസിൻ (Ethnomedicine), സസ്യവർഗ്ഗീകരണം (Plant Taxonomy) എന്നീ മേഖലകളിൽ കുറഞ്ഞത് രണ്ട് (2) വർഷത്തെ പ്രവൃത്തിപരിചയം. ശാസ്ത്രീയ രേഖകൾ, ഔദ്യോഗിക കത്തിടപാടുകൾ, സാങ്കേതിക റിപ്പോർട്ടുകൾ, ഗവേഷണ ലേഖനങ്ങൾ എന്നിവ തയ്യാറാക്കുന്നതിൽ പ്രാവീണ്യം.

**3. <u>ജൂനിയർ പ്രോജക്ട് ഫെല്ലോ - ഒഴിവ് ഒന്ന്</u>**

ഫെല്ലോഷിപ്പ് പ്രതിമാസം: 30000/- രൂപ

- <u>അത്യാവശ്യ യോഗ്യതകൾ:</u> അംഗീകൃത സർവകലാശാലയിൽ നിന്ന് കുറഞ്ഞത് 55% മാർക്കോടെ ബി.എ.എം.എസ്. (BAMS) ബിരുദവും. പി.ജി.ഡി.സി.എ./ഡി.സി.എ. യോഗ്യതയും ഡാറ്റാ എൻട്രിയിലും കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളുടെ ഉപയോഗത്തിലും പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം.
- <u>അഭിലഷണീയ യോഗ്യതകൾ:</u> എത്നോബോട്ടണി (Ethnobotany), എത്നോമെഡിസിൻ (Ethnomedicine), പരമ്പരാഗത ഔഷധവിജ്ഞാനത്തിന്റെ (Traditional Medicinal Knowledge) രേഖപ്പെടുത്തൽ എന്നീ മേഖലകളിൽ പ്രവൃത്തിപരിചയം. ശാസ്ത്രീയ രേഖകൾ, ഔദ്യോഗിക കത്തിടപാടുകൾ, സാങ്കേതിക റിപ്പോർട്ടുകൾ, ഗവേഷണ ലേഖനങ്ങൾ എന്നിവ തയ്യാറാക്കുന്നതിൽ പ്രാവീണ്യം.

പ്രായം 01.01.2026 ൽ 40 വയസ്സു കവിയാൻ പാടില്ല. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃതമുള്ള വയസ്സിളവ് ലഭിക്കുന്നതാണ്.

താൽപര്യമുള്ളവർ വിശദമായ ബയോഡേറ്റ, യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവയും അവയുടെ പകർപ്പുകളും സഹിതം ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻറ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്, തിരുവനന്തപുരം-695 562-ൽ 2026 ജൂൺ 30-ന് രാവിലെ 10.00-ന് പാലോട് JNTBGRI-ൽ കൂടിക്കാഴ്ചക്കായി ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്

**www.jntbgri.res.in സന്ദർശിക്കുക.**

**S. SREEKUMAR**

**sreekumar6601026@kerala.gov.in**